**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# <u>വിജ്ഞാപനം</u>

# <u>KEAM 2017</u>

## <u>മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് സ്വാശ്രയ മെഡിക്കൽ/ദന്തൽ/ആയുർവേദ/സിദ്ധ/യുനാനി കോളേജുകൾ ഉൾപ്പെടുത്തി ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്</u>

മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ചിട്ടുള്ള സമയക്രമമനുസരിച്ച് എം.ബി.ബി. എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള രണ്ടാമത്തെ പൊതു കൗൺസലിംഗ് 2017 ആഗസ്റ്റ് 8 നും 19 നുമിടയ്ക്ക് പൂർത്തിയാക്കേണ്ടതുണ്ട്. ആയതു പ്രകാരം 2017-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **08.08.2017 (ചൊവ്വാഴ്ച)** ആരംഭിക്കുന്നു. ഈ അലോട്ട്മെന്റ് നടപടിക്രമങ്ങൾ ബഹു.ഹൈക്കോടതിയുടെ അന്തിമ തീർപ്പിന് വിധേയമായിരിക്കും. ഈ ഘട്ടത്തിൽ സ്വാശ്രയ മെഡിക്കൽ, ദന്തൽ, ആയുർവേദ, സിദ്ധ, യുനാനി കോളേജുകൾ കൂടി അലോട്ട്മെന്റിനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

അഡ്മിഷൻ ആന്റ് ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള താത്കാലിക ഫീസ് ഘടനയുടെയോ സർക്കാരും സ്വാശ്രയ മാനേജുമെന്റുകളും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാറിന്റെയോ അടിസ്ഥാനത്തിലാണ് സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്കുള്ള ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചിട്ടുള്ളത്. അഡ്മിഷൻ ആന്റ് ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള ഫീസ് താത്കാലികവും വ്യത്യാസം വരാൻ സാധ്യതയുള്ളതുമാണ്. ഉയർന്ന ഫീസ് ബാധകമാക്കുന്ന പക്ഷം അത് നൽകാൻ വിദ്യാർത്ഥികൾ ബാധ്യസ്ഥരായിരിക്കും

മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ, ഈ അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ <u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഓപ്ഷൻ പുന:ക്രമീകരണം, ആവശ്യമില്ലാത്തവ റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **08.08.2017** മുതൽ **16.08.2017**, **5 pm** വരെ ലഭ്യമാകുന്നതാണ്. **16.08.2017, 5 pm** വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **18.08.2017**-ന് രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോ പ്രകാരമുള്ള ഫീസ്/ബാക്കി തുക **19.08.2017** മുതൽ **24.08.2017** വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖേന ഒടുക്കേണ്ടതാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഏതെങ്കിലും ബ്രാഞ്ചിൽ അക്കൗണ്ട് ഉള്ളവർക്ക് ചെക്ക് മുഖാന്തിരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ (SBI) തിരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഫീസ്/ബാക്കി തുക മേൽ പറഞ്ഞ സമയത്തിനുള്ളിൽ ഒടുക്കാവുന്നതാണ്. തിരഞ്ഞെടുത്ത SBI ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്. ഇത് രണ്ടുമല്ലെങ്കിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് **(DD)** മുഖാന്തിരവും ഫീസ് ഒടുക്കാവുന്നതാണ്. ഡി.ഡി മുഖാന്തിരം ഫീസ് ഒടുക്കുന്നവർ അസ്സൽ ഡിമാന്റ് ഡ്രാഫ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ഹാജരാക്കിയ ശേഷം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നും ലഭിക്കുന്ന പേയ്മെന്റ് രസീത് സഹിതം അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **24.08.2017 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്.

<u>**മേൽപറഞ്ഞ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും ഈ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല**</u>. ഇവരുടെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലുള്ള ഹയർ ഓപ്ഷനുകൾ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ നിലവിലുള്ള അലോട്ട്മെന്റ് നിലനിൽക്കുന്നതായിരിക്കും.

വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള **ഫെസിലിറ്റേഷൻ സെന്ററുകൾ** (FC) സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് <u>www.cee-kerala.org</u> എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ രണ്ടാം ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു**

| | |
|---|---|
| 08.08.2017 | **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും, **പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷനുകൾ** രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 16.08.2017 (5 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **18.08.2017** | അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 19.08.2017 to 24.08.2017 | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിശ്ചിത ശാഖകളിലൊന്നിലോ/ഓൺലൈനായോ/ഡിമാന്റ് ഡ്രാഫ്റ്റ് **(DD)** മുഖാന്തിരമോ ഫീസ്/ബാക്കി തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്.. |
| 24.08.2017, 5.30 pm | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം |

അഡ്മിഷൻ ആന്റ് ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള ഫീസിനെ ചോദ്യം ചെയ്തുകൊണ്ട് ബഹു. സുപ്രീം കോടതിയി സമർപ്പിക്കപ്പെട്ട ഹർജികളിൽ ഫീസ് സംബന്ധമായ തീരുമാനം ഹൈക്കോടതി 2017 ആഗസ്റ്റ് 7 ന് തുടങ്ങുന്ന ആഴ്ചയിൽ തീരുമാനം എടുക്കണമെന്ന് ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുട്ട്. ഈ സാഹചര്യത്തിൽ 2017–ലെ എം.ബി.ബി.എസ്/ ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് താഴെക്കൊടുത്തിട്ടുള്ള സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലേയ്ക്ക് ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് ഈ ഘട്ട ത്തിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട.

| ക്രമ. നം. | കോളേജ് കോഡ് | കോളേജുകൾ |
|---|---|---|
| | | **എം.ബി.ബി.എസ്** |
| | | **സർക്കാർ നിയന്ത്രിത സ്വാശ്രയ മെഡിക്കൽ കോളേജ്** |
| 1 | KNM | Academy of Medical Sciences, Pariyaram, Kannur |
| | | **കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ** |
| 2 | AMC | Amala Institute of Medical Sciences, Amala Nagar, Thrissur |
| 3 | JMC | Jubilee Mission Medical Colleg & Research Institute, Bishop Alappat Road, P.B. No.737, Jubilee Mission P.O. Thrissur – 5 |
| 4 | MMC | Malankara Orthodox Syrian Church Medical College, Kolenchery, Ernakulam |
| 5 | PMC | Pushpagiri Institute of Medical Sciences & Research Centre, Thiruvalla, Pathanamthitta |
| | | **മറ്റ് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ** |
| 6 | #AZC | Azeezia Institute of Medical Science and Research, Meyyannoor P O, Kollam |
| 7 | BCM | Believers Church Medical College Hospital, Kuttapuzha, Thiruvalla |
| 8 | EMC | MES Medical College, Perinthalmanna, Malappuram |
| 9 | GMC | Sree Gokulam Medical College & Research Foundation, Venjaramoodu, Thiruvananthapuram |
| 10 | KCM | KMCT Medical College, Mukkom, Kozhikode |
| 11 | KDM | P K Das Institute of Medical Sciences, Vaniyamkulam, Ottapalam, Palakkad |
| 12 | #KMM | Karuna Medical College, Vilayodi, Chittur, Palakkad |
| 13 | #KNC | Kannur Medical College, Kannur |
| 14 | #MMH | Malabar Medical College Hospital & Research Centre, Modakkallur P O, Atholi Via, Kozhikode |
| 15 | SIM | Sree Narayana Institute of Medical Sciences, Chalakka, North Kuthiyathode P O, Ernakulam |
| 16 | SMC | Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram |
| 17 | #SUC | SUT Academy of Medical Sciences, Vattappara, Thiruvananthapuram |
| 18 | TRM | Travancore Medical College, Mylapore, Umayanalloor P O, Kollam |
| | | **ബി.ഡി.എസ്** |
| | | **സർക്കാർ നിയന്ത്രിത സ്വാശ്രയ ഡെന്റൽ കോളേജ്** |
| 1 | KND | Pariyaram Dental College, Pariyaram, Kannur |

| | | |
|---|---|---|
| **കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജ്** | | |
| 2 | PMD | Pushpagiri College of Dental Sciences, Medicity, Perumthuruthy, Tiruvalla, Pathanamthitta |
| **മറ്റ് സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകൾ** | | |
| 3 | AAD | Al-Azhar Dental College, Perumpillichira P O, Thodupuzha, Idukki |
| 4 | ADC | Annoor Dental College, Puthuppady P O, Muvattupuzha, Ernakulam |
| 5 | AID | Sree Anjaneya Institute of Dental Sciences, Modakkallur, Atholi, Kozhikode |
| 6 | AZD | Azeezia College of Dental Sciences & Research, Meeyyannoor, Kollam |
| 7 | EID | Educare Institute of Dental Science, Kiliyamannil Campus, Chattiparamba, Malappuram |
| 8 | IGD | Indira Gandhi Institute of Dental Sciences, Nellikuzhy P O, Kothamangalam, Ernakulam |
| 9 | KAD | Kannur Dental College, Anjarakandy, Kannur |
| 10 | KMD | KMCT Dental College, Kozhikode |
| 11 | MBD | Mar Baselios Dental College, Kothamangalam, Ernakulam |
| 12 | MED | MES Dental College, Perinthalmanna, Malappuram |
| 13 | MLD | Malabar Dental College and Research Centre, Chekanoor Road, Mudur P O, Edappal, Malappuram |
| 14 | NID | Noorul Islam College of Dental Science, Aralummoodu, Neyyattinkara, Thiruvananthapuram |
| 15 | PMS | PMS College of Dental Science & Research, Vattappara, Thiruvananthapuram |
| 16 | PSD | PSM College of Dental Science and Research, Akkikavu, Thrissur |
| 17 | RDC | Royal Dental College, Iron Hills, Chalissery P O, Palakkad |
| 18 | SGD | St. Gregorios Dental College, Chelad P O, Kothamangalam, Ernakulam |
| 19 | SVD | Sri Sankara Dental College, Akathumuri, Varkala, Thiruvananthapuram |

2017–ലെ ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് താഴെക്കൊടുത്തിട്ടുള്ള സ്വകാര്യ സ്വാശ്രയ ആയർവേദ കോളേജുകളിലേയ്ക്ക് ഓൺലൈനായി ഈ ഘട്ടത്തിൽ ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്.

| | | |
|---|---|---|
| **സ്വകാര്യ സ്വാശ്രയ ആയുർവേദ കോളേജുകൾ** | | |
| 1 | #AHA | Ahalia Ayurveda Medical College, Elippara, Kozhipara, Palakkad |
| 2 | #KMA | KMCT Ayurveda College, Kozhikode |
| 3 | MAM | Mannam Ayurveda Co-operative Medical College, Pandalam, Pathanamthitta – 689 501 |
| 4 | NGL | Nangelil Ayurveda Medical College, Nellikuzhy P O, Kothamangalam, Ernakulam |
| 5 | PKJ | Pankajakasthuri Ayurveda Medical College, Kattakada P O, Thiruvananthapuram |
| 6 | PNA | PNNM Ayurveda Medical College, Cheruthuruthy P O, Shoranur, Thrissur - 679531 |
| 7 | PPA | P N Panicker Souhruda Ayurveda Medical College, Parakalai P O, Anandhashram via, Kasargode |
| 8 | SGA | Santhigiri Ayurveda Medical College, Olassery P O, Kodumbu Via, Palakkad – 678 551 |
| 9 | SNA | Sree Narayana Institute of Ayurvedic Studies & Research, Karimpinpuzha P O, Pangode, Puthur, Kollam |
| 10 | VSH | Vishnu Ayurveda College, Govt. Press P O, Shornur, Palakkad |
| 11 | #AST | Ashtamgam Ayurveda Chikilsalayam and Vidhyapeedham, Palakkad |

2017–ലെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് താഴെക്കൊടുത്തിട്ടുള്ള സ്വകാര്യ സ്വാശ്രയ സിദ്ധ/യുനാനി കോളേജുകളിലേയ്ക്ക് ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്.

| | | |
|---|---|---|
| **സ്വകാര്യ സ്വാശ്രയ സിദ്ധ കോളേജ്** | | |
| 1 | #SGS | Santhigiri Siddha Medical College, Santhigiri P O, Pothencode Via, Thiruvananthapuram – 695 584 |
| **സ്വകാര്യ സ്വാശ്രയ യുനാനി കോളേജ്** | | |
| 1 | #MRU | Markaz Unani Medical College, Puthupadi P O,Kozhikode-673586 |

#കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും ലഭ്യമായാൽ മാത്രമേ ഈ കോളേജുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ടുമെന്റ് നടത്തുകയുള്ളൂ.

**ഫീസ് നിരക്ക്:**

<table>
<tr><th colspan="6">എം ബി ബി എസ്</th></tr>
<tr><td rowspan="2">സർക്കാർ നിയന്ത്രിത സ്വാശ്രയ മെഡിക്കൽ കോളേജ്<br>Academy of Medical Sciences, Pariyaram, Kannur</td><td colspan="3">50% സർക്കാർ സീറ്റ്</td><td>35%<br>മാനേജ്മെന്റ് സീറ്റ്</td><td>15% NRI സീറ്റ്</td></tr>
<tr><td>ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ (10 സീറ്റ്)<br>* 25,000/- രൂപ</td><td>എസ്.ഇ.ബി.സി (13 സീറ്റ്)<br>* 45,000/- രൂപ</td><td>മറ്റുള്ളവർ<br>2,50,000/- രൂപ</td><td>10 ലക്ഷം രൂപ</td><td>14 ലക്ഷം രൂപ</td></tr>
<tr><td>MES Medical College, Perinthalmanna, Malappuram.</td><td>ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ (14% സീറ്റ്)<br>* 25,000/- രൂപ</td><td>എസ്.ഇ.ബി.സി (26% സീറ്റ്)<br>* 25,000/- രൂപ</td><td>മറ്റുള്ളവർ<br>2,50,000/- രൂപ</td><td>11 ലക്ഷം രൂപ</td><td>15 ലക്ഷം രൂപ</td></tr>
<tr><td>Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram</td><td>ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ (14% സീറ്റ്)<br>* 25,000/- രൂപ</td><td>എസ്.ഇ.ബി.സി (26% സീറ്റ്)<br>* 25,000/- രൂപ</td><td>മറ്റുള്ളവർ<br>2,50,000/- രൂപ</td><td>11 ലക്ഷം രൂപ</td><td>15 ലക്ഷം രൂപ</td></tr>
<tr><td colspan="6">മുകളിൽ കാണിച്ചിട്ടുള്ള എല്ലാ ഫീസും താൽകാലികവും ബഹു. കേരളാ ഹൈക്കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയവുമായിരിക്കും</td></tr>
<tr><td rowspan="2">മറ്റ് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ</td><td colspan="4">85% എം.ബി.ബി.എസ് സീറ്റ്<br>അഡ്മിഷൻ ആന്റ് ഫീ റഗുലേറ്ററി കമ്മിറ്റി (AFRC) താൽകാലികമായി നിശ്ചയിച്ചിട്ടുള്ള ഫീസ്<br>5 ലക്ഷം രൂപ</td><td>15% NRI സീറ്റ്<br>20 ലക്ഷം രൂപ</td></tr>
<tr><td colspan="5">[ഈ ഫീസ് താൽകാലികവും ബഹു. കേരളാ ഹൈക്കോടതി/എ.എഫ്.ആർ.സി-യുടെ അന്തിമ തീരുമാനത്തിനോ സ്വാശ്രയ മാനേജുമെന്റുകളും സർക്കാരും തമ്മിൽ ഏർപ്പെടുന്ന കരാറിനോ വിധേയവുമായിരിക്കും]</td></tr>
<tr><th colspan="6">ബി ഡി എസ്</th></tr>
<tr><td rowspan="2">സർക്കാർ നിയന്ത്രിത സ്വാശ്രയ ഡെന്റൽ കോളേജ്<br>Pariyaram Dental College, Pariyaram, Kannur</td><td colspan="3">50% സർക്കാർ സീറ്റ്</td><td>35%<br>മാനേജ്മെന്റ് സീറ്റ്</td><td>15% NRI സീറ്റ്</td></tr>
<tr><td>ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ (6 സീറ്റ്)<br>* 23,000/- രൂപ</td><td>എസ്.ഇ.ബി.സി (8 സീറ്റ്)<br>* 44,000/- രൂപ</td><td>മറ്റുള്ളവർ<br>2,10,000/- രൂപ</td><td>4 ലക്ഷം രൂപ</td><td>5 ലക്ഷം രൂപ</td></tr>
<tr><td colspan="6">മുകളിൽ കാണിച്ചിട്ടുള്ള ഫീസ് താൽകാലികവും ബഹു. കേരളാ ഹൈക്കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയവുമായിരിക്കും</td></tr>
<tr><td>കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജ്<br>Pushpagiri College of Dental Science, Thiruvalla</td><td colspan="4">85% ബി ഡി എസ് സീറ്റ്<br>3.29 ലക്ഷം രൂപ</td><td>15% NRI സീറ്റ്<br>6 ലക്ഷം രൂപ വരെ<br>[ഈ ഫീസ് താൽകാലികവും ബഹു. കേരളാ ഹൈക്കോടതി/എ.എഫ്.ആർ.സി-യുടെ അന്തിമ വിധിയ്ക്ക് വിധേയവുമായിരിക്കും]</td></tr>
<tr><td rowspan="2">മറ്റ് സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജുകൾ</td><td colspan="4">85% ബി ഡി എസ് സീറ്റ്<br>അഡ്മിഷൻ ആന്റ് ഫീ റഗുലേറ്ററി കമ്മിറ്റി (AFRC) താൽകാലികമായി നിശ്ചയിച്ചിട്ടുള്ള ഫീസ്<br>2.9 ലക്ഷം രൂപ</td><td>15% NRI സീറ്റ്<br>6 ലക്ഷം രൂപ വരെ</td></tr>
<tr><td colspan="5">[ഈ ഫീസ് താൽകാലികവും ബഹു. കേരളാ ഹൈക്കോടതി/എ.എഫ്.ആർ.സി-യുടെ അന്തിമ തീരുമാനത്തിനോ സ്വാശ്രയ മാനേജുമെന്റുകളും സർക്കാരും തമ്മിൽ ഏർപ്പെടുന്ന കരാറിനോ വിധേയവുമായിരിക്കും]</td></tr>
</table>

*ഈ ഫീസിളവ് വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത് കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് പൂർത്തിയായതിന് ശേഷമായിരിക്കും. ആയതിനാൽ അലോട്ട്മെന്റ് സമയത്ത് വിദ്യാർത്ഥികൾ 50% സർക്കാർ സീറ്റിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള വാർഷിക ഫീസ് ഒടുക്കേണ്ടതാണ്. ഫീസ് ഇളവ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ബാക്കി തുക മടക്കി നൽകുന്നതാണ്.

| | | |
|---|---|---|
| ആയുർവേദ (BAMS) | സ്വകാര്യ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജുകൾ | 50% Govt. Seats |
| | | Rs.75,000/- |
| സിദ്ധ (BSMS) | സ്വകാര്യ സ്വാശ്രയ സിദ്ധ മെഡിക്കൽ കോളേജ് | 50% Govt. Seats |
| | | Rs.75,000/- |
| യുനാനി (BUMS) ** | സ്വകാര്യ സ്വാശ്രയ യുനാനി മെഡിക്കൽ കോളേജ് | 50% Govt. Seats |
| | | Rs.75,000/- |

** BUMS കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷകളോ ബയോളജിക്കു മാത്രം 50 ശതമാനവും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്കോടെ ജയിച്ചവർ അർഹരാണ്. കൂടാതെ (a) വിദ്യാർത്ഥി പത്താം ക്ലാസ്സിൽ ഉറുദു, അറബിക്, പേർഷ്യൻ എന്നിവയിലേതെങ്കിലും ഒരു വിഷയമായി പഠിച്ച് ജയിച്ചവരോ അല്ലെങ്കിൽ സർക്കാർ അംഗീകൃത സൊസൈറ്റി/ ബോർഡ്/യൂണവേഴ്സിറ്റി നടത്തുന്ന ഉറുദു പ്രവേശന പരീക്ഷ ജയിച്ചവരോ ആയിരിക്കണം. അല്ലെങ്കിൽ (b) ഒരു വർഷം ദൈർഘ്യമുള്ള പ്രീ-ടിബ് പരീക്ഷ ജയിച്ചിരിക്കണം.

**ടോക്കൺ ഡെപ്പോസിറ്റ്**

സർക്കാർ സീറ്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും **1,000/- രൂപ** അടച്ച് അലോട്ട്മെന്റ് അംഗീകരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

ഗവണ്മെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കാൻ ബാധ്യസ്ഥരായിരിക്കും.

**കുറിപ്പ്: വിവിധ കാരണങ്ങളാൽ ബന്ധപ്പെട്ട റാങ്ക് ലിസ്റ്റുകളിൽ ഫലം തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്കും ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ 15.08.2017 വൈകുന്നേരം 5 മണിയ്ക്ക് മുൻപ് ന്യൂനതകൾ പരിഹരിക്കുന്നതിനുനാവശ്യമായ രേഖകൾ സമർപ്പിക്കാത്ത പക്ഷം ഇവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.**

**എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ നിന്ന് വിടുതൽ നേടുമ്പോൾ ഒടുക്കേണ്ടുന്ന ലിക്വിഡേറ്റഡ് ഡാമേജസ് സംബന്ധിച്ച്**

1. **സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് പ്രവേശനം അവസാനിപ്പിക്കുന്ന തീയതിയായ 2017 ആഗസ്റ്റ് 15 ന് ശേഷം പ്രസ്തുത കോളേജുകളിൽ നിന്ന് വിടുതൽ നേടുന്ന പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4(a) പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനുശേഷം മാത്രമേ മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേയ്ക്ക് പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ**
2. **കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം അലോട്ട്മെന്റ് സ്വീകരിക്കുന്നതിന് GO(Ms) No. 166/2017/H.Edn. Dated: 22.06.2017 എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.**
3. **മറ്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം വിടുതൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും നേടുന്നതിന് GO(Ms) No.170/2017/H.Edn. Dated: 23.06.2017, GO(Ms) No.169/2017/H.Edn. Dated: 23.06.2017 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടതില്ല. എന്നാൽ ഇവർ അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയില്ല.**
4. **സർക്കാർ/സ്വാശ്രയ ഫാർമസി കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ പ്രവേശനം അവസാനിപ്പിക്കുന്ന തീയതിയ്ക്ക് ശേഷം പ്രസ്തുത കോളേജുകളിൽ നിന്ന് വിടുതൽ നേടുന്ന പക്ഷം ഫാർമസി കോഴ്സുകളിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് ക്ലോസ് 12.2.4 (a) പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.**

പ്രത്യേക ശ്രദ്ധയ്ക്ക്:

1. സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടാ പ്രവേശനം ആഗ്രഹിക്കുന്നവരും പ്രവേശന പരീക്ഷാ കമ്മിഷണർക്ക് എൻ.ആർ.ഐ യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിച്ചിട്ടുള്ളവരുമായ വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സുകളിലെ/കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടയിലേയ്ക്ക് ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കേണ്ടതാണ്.
2. ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ ലഭ്യമായ മൈനോരിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും മറ്റു വിദ്യാർത്ഥികളെപ്പോലെ താല്പര്യമുള്ള പ്രസ്തുത ക്വാട്ട ലഭ്യമായ കോളേജുകളിലേയ്ക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ യഥാസമയം ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.
3. ന്യൂനപക്ഷ പദവിയുള്ള മറ്റ് മെഡിക്കൽ/ദന്തൽ കോളേജുകളിലെ ന്യൂനപക്ഷ സമുദായം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അവയിലേയ്ക്കും സമുദായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭ്യമാക്കുന്നതാണ്. ഇത് സംബന്ധിച്ച വിജ്ഞാപനങ്ങൾ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.
4. രണ്ടാം ഘട്ട അലോട്ട്മെന്റിൽ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്ക് പ്രവേശനം ലഭിക്കുന്നവർ മുഴുവൻ ഫീസ് തുകയും രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം കോളേജുകളിൽ പ്രവേശനം നേടുന്നതിനുള്ള അവസാന തീയതിയ്ക്കു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയിരിക്കണം. തുടർന്ന് ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്ക് പ്രവേശനം ലഭിക്കുന്നവർ മുഴുവൻ ഫീസ് തുകയും സ്പോട്ട് അഡ്മിഷൻ നടക്കുന്ന സമയത്ത് തന്നെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
5. ബഹു. ഹൈക്കോടതിയുടെയും സർക്കാരിന്റെയും ഉത്തരവുകൾക്ക് അനുസൃതമായി അലോട്ട്മെന്റുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ഓഫീസ് വിജ്ഞാപനങ്ങൾ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം

**08.08.2017**

**പ്രവേശന പരീക്ഷാ കമ്മീഷണർ**